(2) <u>വസ്തുതാവിരുദ്ധമായ പരാമർശം സഭയിൽ ഉന്നയിച്ചത് സംബന്ധിച്ച്</u>

2016 ജൂൺ 28-ാം തീയതി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് ഭരണപക്ഷത്തെ ഒരംഗം നടത്തിയ പരാമർശം സഭയെ തെറ്റിദ്ധരിപ്പിക്കലാണെന്നും അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്നും പ്രസ്തുത പരാമർശം സഭാരേഖയിൽ നിന്നും നീക്കം ചെയ്യണമെന്നും പ്രതിപക്ഷത്തെ ഒരംഗം ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

" 28.6.2016-ന് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ചർച്ചയിൽ പങ്കെടുത്ത് ശ്രീ. പി. ഉണ്ണി നടത്തിയ പരാമർശം സഭയെ തെറ്റിദ്ധരിപ്പിക്കലാണെന്നും മലപ്പുറം ജില്ലയിൽ അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്നും അങ്ങനെയുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം പറയണമെന്നും ശ്രീ. പി. ഉബൈദുള്ള പോയിന്റ് ഓഫ് ഓർഡറിലൂടെ ആവശ്യപ്പെട്ടിരുന്നു. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹുമാനപ്പെട്ട അംഗം പ്രസംഗമദ്ധ്യേ നടത്തിയ പരാമർശത്തെ മറ്റൊരു അംഗം എതിർത്തുകൊണ്ടിടപെട്ടുവെന്നതല്ലാതെ സഭാരേഖയിൽ നിന്നും വാക്കുകൾ നീക്കം ചെയ്യാൻ വ്യവസ്ഥ ചെയ്യുന്ന ചട്ടത്തിന്റെ പരിധിയിൽ ഇക്കാര്യം ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല."

---

* XIV KLA/I Session Vol.162 Report No.5 dated 28-06-2016